**ശ്രദ്ധ ക്ഷണിക്കൽ**

**സി.ആർ.ഇസഡ് നിയമം പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: സർ, കേരളം ഒരു മാരിടൈം സ്റ്റേറ്റാണ്. 590 കിലോമീറ്റർ നീണ്ട് കിടക്കുന്ന കടലോരമെന്നുപറയുന്നത് പ്രകൃതി നമുക്ക് നൽകിയ സുന്ദരമായ ഒരു അനുഗ്രഹമാണ്. ശാസ്ത്രീയമായ കടൽ ഭിത്തിയില്ലാത്തതിനാൽ നൂറ്റാണ്ടുകളായി കടലാക്രമണത്തിലൂടെ ലക്ഷക്കണെക്കിന് ഹെക്ടർ ഭൂമിയാണ് കടൽ നക്കിത്തുടച്ചുകൊണ്ടുപോയിരിക്കുന്നത്. ആ നഷ്ടപ്പെട്ട കരഭൂമി തിരിച്ചുപിടിക്കാൻ പുതിയ പദ്ധതിക്ക് സർക്കാർ തയ്യാറാകണം. Reclaiming the lost land എന്ന് പേരിട്ട് വിളിക്കാവുന്ന യത്നത്തിലൂടെ ഭാവി കേരളത്തെ മാറ്റിമറിക്കാനുതകുന്ന വികസനം കൊണ്ടുവരാൻ സാധിക്കും. സി.ആർ.ഇസഡ് നിയമം പരിഷ്ക്കരിക്കാൻ പ്രത്യേക സഹായം കേന്ദ്രത്തോട് കേരളം തേടണം. അതിലൂടെ നാളിതുവരെ നമുക്ക് നഷ്ടപ്പെട്ട 200 ചതുരശ്ര കിലോമീറ്റർ തിരിച്ചുപിടിക്കാനാകുമെന്നാണ് ഊഹകണക്ക്. ഇത്രയും സ്ഥലം തിരിച്ചുപിടിക്കാൻ സമ്മതം കിട്ടിയാൽത്തന്നെ....... അത് മനുഷ്യ സാദ്ധ്യമാണ്. മണൽ കടലിൽ നിന്ന് കിട്ടും. കൊത്തിയ പാമ്പിനെക്കൊണ്ടുതന്നെ വിഷമെടുപ്പിക്കുകയെന്ന് പറയുന്നതുപോലെ കടലമ്മയെക്കൊണ്ടുതന്നെ മണൽ കൊണ്ടുതള്ളാൻ കഴിയുമത്രേ? Ecological Impact Assessment പഠനം നടത്തി തിരിച്ചുപിടിക്കാവുന്ന സ്ഥലം ഏതെന്ന് തീരുമാനിച്ച് ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുക. അല്ലെങ്കിൽ മിനി പുലിമുട്ടു

കൾ പണിയുക. അതിന് ചുറ്റും തിരകൾ മണൽത്തിട്ടകൾ രൂപപ്പെടുത്തുമെന്നാണ് വിദഗ്ദ്ധർ പറയുന്നത്. മത്സ്യത്തൊഴിലാളികളും പരിസ്ഥിതി പ്രവർത്തകരും ഈ സ്വപ്ന പദ്ധതിയെ എതിർക്കുമെന്ന് ആശങ്കപ്പെടേണ്ടതില്ല. കാരണം, വിദേശ രാജ്യങ്ങളെപ്പോലെ കടലിലേയ്ക്കുള്ള കയ്യേറ്റമല്ല നാം പ്ലാൻ ചെയ്യുന്നത്. മറിച്ച് നമുക്ക് നഷ്ടപ്പെട്ട ഭൂമി തിരിച്ചുപിടിക്കുക മാത്രമാണ് റീക്ലെയിമിംഗ് പദ്ധതി. കടൽ നികത്തി ഇൻഫ്രാസ്ട്രക്ച്ചർ വികസിപ്പിച്ച നിരവധി അനുഭവങ്ങളും ഉദാഹരണങ്ങളും യൂറോപ്പിലും ഏഷ്യയിലുമുണ്ട്. സിംഗപ്പൂരിൽ ഓരോ വർഷവും കിലോമീറ്റർ കണക്കിന് കടലാണ് നികത്തുന്നത്. ഹോംഗോങ്ങ് ഇതുപോലെ വികസിപ്പിച്ച നഗരമാണ്. മിക്ക ഗൾഫ് രാജ്യങ്ങളും കടലിനകത്ത് ടൗൺഷിപ്പുകൾ നിർമ്മിച്ചിട്ടുണ്ട്. നല്ല സമവായവും കാഴ്ചപ്പാടും ഇച്ഛാശക്തിയുമുണ്ടെങ്കിൽ ഡസൺ കണക്കിന് ടൗണുകൾ കേരളത്തിന്റെ തീരപ്രദേശത്ത് ഉണ്ടാക്കാം. ദുബായിൽ കടലിനകത്ത് മനോഹരമായ ഒരു സിറ്റിയാണുണ്ടാക്കിയിരിക്കുന്നത്. ആ ഭാവനയിലെ സ്വപ്നനഗരങ്ങൾക്ക് കേരളത്തിൽ വേണമെങ്കിൽ അരക്കനെട്ട് ബേക്കലും കോക്കനെട്ട് കണ്ണൂരും ജാക്ക്ഫ്രൂട്ട് കൊടുങ്ങല്ലൂരും ബനാന വർക്കലയുമെന്ന് പേരിട്ട് വിളിക്കാം. ഈ പദ്ധതിയുടെ ഏറ്റവും വലിയ ഗുണഭോക്താക്കൾ മത്സ്യത്തൊഴിലാളി കുടുംബങ്ങളായിരിക്കും. അവരുടെ എത്രയെത്ര കൂരകളും ജനവാസ കേന്ദ്രങ്ങളുമാണ് കടൽ കവർന്നെടുത്തത്? 222 ഫിഷർമെൻ വില്ലേജുകളിൽ ദശലക്ഷക്കണക്കിന് ജനങ്ങൾ ആവശ്യത്തിന് സ്ഥലമില്ലാതെ ശ്വാസം മുട്ടിക്കഴിയുകയാണ്. ചതുരശ്ര കിലോമീറ്ററിൽ 2200 ആളുകൾ കഷ്ടപ്പെട്ട് കഴിയുന്നു. അവിടെ ജനങ്ങളുടെ ജീവിതം നരകതുല്യമാണ്. വീണ്ടെടുപ്പിന്റെ തീർദേശങ്ങളിൽ മത്സ്യത്തൊഴിലാളി മേഖലയിലെ പുതിയ തലമുറയ്ക്ക് ചേരുന്നവിധത്തിൽ മത്സ്യ സംസ്കരണ പ്ലാന്റുകളും ഹൈടെക്ക്

മത്സ്യമാർക്കറ്റുകളും റെസിഡൻഷ്യൽ കോംപ്ലക്സുകളും കളിക്കളങ്ങളും പാർക്കുകളും പണിതുണ്ടാക്കാൻ സാധിക്കും. അതുകൊണ്ടുതന്നെ ഈ പദ്ധതി തീരദേശവാസികൾ നെഞ്ചോടുചേർത്ത് പിന്തുണയ്ക്കും. തീരദേശ ഹൈവേയും ഹൈസ്പീഡ് റെയിൽ കോറിഡോറും പഞ്ചനക്ഷത്ര ഹോസ്പി റ്റാലിറ്റി പ്രോജക്റ്റുകളും റസിഡൻഷ്യൽ കോംപ്ലക്സുകളും തുടങ്ങി ടൂറിസം, ഗതാഗതം, മത്സ്യബന്ധനം ചെറുകിട പോർട്ടുകൾ ഷിപ്യാർഡുകൾ ഇവയുടെ എല്ലാം പുരോഗതിക്കും കുതിച്ചുചാട്ടത്തിനും 'Reclaiming the lost land' പദ്ധതി ശക്തിയും പ്രചോദനവുമാകും. ഇത് ഭാവികേരളത്തെ മാറ്റിമറിക്കും. പരശുരാമൻ മഴുവെറിഞ്ഞ് നേടിത്തന്ന ഐതീഹ്യങ്ങളുടെ ഭൂമിയിൽ പ്രായോ ഗിക രാഷ്ട്രീയത്തിന്റെ ചക്രവർത്തിയെന്ന് ആധുനിക കേരളം വിശേഷിപ്പിക്ക പ്പെടുന്ന ഉമ്മൻ ചാണ്ടിക്ക് പുതിയ പരശുരാമനാകാൻ കഴിയുമോ എന്നതാണ് ഇന്നത്തെ വികസന ചിന്ത. ഈ പ്രശ്നം സർക്കാരിന്റെ പരിഗണനയ്ക്ക് ഞാൻ സമർപ്പിക്കുന്നു.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: സർ, ശ്രീ. എ.പി. അബ്ദുള്ളക്കുട്ടിക്ക് നമ്മുടെ നാടിന്റെ വികസനത്തെക്കുറിച്ച് പല സ്വപ്നങ്ങളും പുതിയ ഭാവന കളുമുണ്ടെന്ന് ഇപ്പോൾ മനസ്സിലായി. സ്വപ്നങ്ങളെല്ലാം യാഥാർത്ഥ്യമാക്കാൻ സാധിക്കുമോ എന്ന് സംശയങ്ങളുണ്ട്. വേണ്ടത്ര ഇച്ഛാശക്തിയുണ്ടെങ്കിൽ ആ സ്വപ്നങ്ങളിൽ ചിലത് നമുക്ക് സാക്ഷാത്ക്കരിക്കാൻ സാധിക്കും. അദ്ദേഹം ഇവിടെ പറഞ്ഞ ആശയങ്ങൾ അപ്രായോഗികമെന്ന് ഞാൻ പറയുന്നില്ല. ലോകത്ത് പലയിടത്തും അത് സംഭവിച്ചിട്ടുണ്ട്. ഇൻഡ്യയിൽ ബോംബെ യിലെ മറൈൻഡ്രൈവ് മുഴുവൻ കടലിൽ നിന്ന് വീണ്ടെടുത്ത സ്ഥലങ്ങളാണ്.

പക്ഷേ ഇതുകൊണ്ടുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളെന്തൊക്കെയാണ് എന്നുള്ള കാര്യങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതായിട്ടുണ്ട്. കേരളത്തിന്റെ 590 കിലോമീറ്ററോളം നീണ്ടുകിടക്കുന്ന തീരപ്രദേശം, അതിൽ ചില പ്രദേശങ്ങളിൽ തീരശോഷണവും മറ്റ് ചില പ്രദേശങ്ങളിൽ തീരപോഷണവുമുണ്ടാകുന്നുണ്ട്. ചില പ്രത്യേക തീരപ്രതിഭാസങ്ങളാൽ മറ്റ് ചില തീരപ്രദേശങ്ങൾ കടലെടുത്തുകൊണ്ട് പോകുന്നതായും പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ആദ്യമായി, കടൽ നികത്തി കര വീണ്ടെടുക്കുന്നതിന് എത്രമാത്രം നഷ്ടമുണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുനിഷ്ഠമായി കണക്കെടുക്കണം. അതുപോലെതന്നെ ഇതുകൊണ്ടുണ്ടാകുന്ന പരിസ്ഥിതി ആഘാതം എന്താണെന്നതിനെക്കുറിച്ചുള്ള പഠനങ്ങൾ നടത്തണം. ഭൂമിയുടെ ലഭ്യതയില്ലായ്മയാണ് നമ്മൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. വളരെയേറെ ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ ഇതുകൊണ്ട് പല ബുദ്ധിമുട്ടുകളുമുണ്ടാകാറുണ്ട്.. ആ സാഹചര്യത്തിൽ പരിസ്ഥിതിക്ക് ദോഷമില്ലാത്തവിധത്തിൽ നമുക്ക് നഷ്ടപ്പെട്ട, കടലെടുത്തുപോയ ഭൂമി വീണ്ടെടുക്കാൻ സാധിക്കുമെങ്കിൽ അതൊരു വലിയ നേട്ടംതന്നെയായിരിക്കും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച ആശയങ്ങളുടെ പ്രായോഗികതയെക്കുറിച്ച് പഠിക്കുന്നതാണ്.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, അങ്ങ് ശോഷണത്തിന്റേയും പോഷണത്തിന്റേയും കാര്യം പറഞ്ഞു. കണ്ണൂരിന്റെ അനുഭവം പറയാം. തലശ്ശേരി കോടതിവളപ്പിൽനിന്ന് നോക്കിയാൽ രണ്ടുകിലോമീറ്റർ അപ്പുറത്താണ് പാറക്കൂട്ടങ്ങൾ കാണുന്നത്. ഒറ്റനോട്ടത്തിൽത്തന്നെ അവിടെ രണ്ടുകിലോമീറ്ററോളം സ്ഥലം നഷ്ടപ്പെട്ടിട്ടുണ്ട്. വടക്കൻ മലബാർ മേഖലയിൽ ഏക്കർ കണക്കിന് ഭൂമി നഷ്ടപ്പെട്ടിട്ടുണ്ടെന്ന് മത്സ്യത്തൊഴിലാളികളുടെ നോട്ടത്തിൽ

പ്പോലും കാണാവുന്നതാണ്. സാർ പറഞ്ഞതുപോലെ വിദഗ്ദ്ധപഠനം നടത്തുന്നതിനുവേണ്ടി അടിയന്തിരമായി നടപടി സ്വീകരിക്കുമോയെന്നാണ് എനിക്ക് അറിയുവാനുള്ളത്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നിശ്ചയമായും അതിനെക്കുറിച്ച് ഒരു പഠനം നടത്തുന്നതിനും അതിന്റെ പ്രായോഗികവശങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും പഠിച്ചശേഷം തീരുമാനമെടുക്കുന്നതിനും ശ്രമിക്കും.

## മലയാളം ഒന്നാംഭാഷയാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പുരുഷൻ കടലുണ്ടി: സർ, മലയാളികളുടെ ജൻമാവകാശമാണ് മലയാളം. അമ്മിഞ്ഞപ്പാലുപോലെ പരിശുദ്ധമായ മാതൃഭാഷയ്ക്കുവേണ്ടി സമരം ചെയ്യേണ്ടിവരികയെന്നത് നാണക്കേടാണ്. ഒരു ജനാധിപത്യ സർക്കാരിന് മലയാളഭാഷയുടെ ആദരവ് വേണം. സാഹിത്യകാരൻ രാമനുണ്ണി നിരാഹാരസമരം നടത്തിയപ്പോൾ രണ്ടാംദിവസംതന്നെ അവസാനിപ്പിച്ചത് സർക്കാരിന്റെ മുഖം രക്ഷിക്കാനാണ്. നാളെ പുരോഗമന കലാസാഹിത്യസംഘത്തിന്റെ വലിയൊരു മാർച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. മലയാളഭാഷാനിയമം കൊണ്ടുവരണമെന്ന ആശയത്തോടുകൂടിയാണ് ആ മാർച്ച് നടത്തുന്നത്. ഈ സർക്കാർ ആരെയാണ് പേടിക്കുന്നത്? എന്തുകൊണ്ട് ഒരു ഭാഷാനിയമം നമുക്ക് ഉണ്ടാക്കിക്കൂടാ. ഏതൊരു ജനതയുടെയും ജീവവായു അവരുടെ മാതൃഭാഷയാണ്. ആശയങ്ങൾ ഗ്രഹിക്കാനും തന്റെ മനസ്സിലുള്ളവ അന്യരെ അറിയിക്കുവാനും പറ്റിയ ഭാഷ മാതൃഭാഷതന്നെയാണ്. സാമൂഹ്യനീതി സഫലമാകണമെങ്കിൽ ഭരണത്തിന്റെ എല്ലാ തലങ്ങളിലും മാതൃഭാഷയ്ക്ക് പ്രാധാന്യം ലഭിക്കേണ്ടതുണ്ട്. കേരളജനതയെ ജാതി-മത-വർഗ്ഗ-വർണ്ണ വ്യത്യാസങ്ങൾക്ക് അതീതമായി ഒരൊറ്റ സമൂഹമായി കണ്ണി ചേർക്കു

ന്നത് മാതൃഭാഷയാണ്. അത് നമ്മുടെ മലയാളമാണ്. ലോകത്ത് എല്ലായിടത്തും വിദ്യാഭ്യാസം നിർവ്വഹിക്കപ്പെടുന്നത് മാതൃഭാഷയിലൂടെയാണെന്ന് നമ്മൾ ഓർക്കണം. ജപ്പാനിലും റഷ്യയിലും ഇംഗ്ലണ്ടിലും ചൈനയിലും ഫ്രാൻസിലുമെല്ലാം വിദ്യാഭ്യാസ മാധ്യമം അവരവരുടെ മാതൃഭാഷയിലാണ്. അതുകാരണം ശാസ്ത്രവിഷയങ്ങളും സാങ്കേതിക വിഷയങ്ങളും മതവും തത്വശാസ്ത്രവും സ്വായത്തമാക്കുന്നതിന് അവർക്ക് യാതൊരു കുറവും സംഭവിച്ചതായി അറിയില്ല. അതത് രംഗങ്ങളിൽ മികച്ച സംഭാവനകൾ നൽകുവാൻ അവർക്ക് കഴിഞ്ഞിട്ടുമുണ്ട്. കേരളത്തിന്റെ സ്ഥിതി അതല്ല. ഇവിടെ അദ്ധ്യയനമാധ്യമവും ഭരണഭാഷയും ഇപ്പോഴും ഇംഗ്ലീഷ് എന്ന വിദേശഭാഷ തന്നെയാണ്. നിർഭാഗ്യവശാൽ മലയാളം എന്നും അവഗണിക്കപ്പെടുന്നു. ഇത് ബ്യൂറോക്രാറ്റുകളുടെ തന്ത്രമാണ്. ഭരിക്കുന്ന ഗവൺമെന്റിന്റെ നട്ടെല്ലില്ലായ്മയാണ്. ഇത് ജനങ്ങളോടുള്ള വെല്ലുവിളിയാണ്. ഇത്രയും കാലമായിട്ടും ഭാഷാടിസ്ഥാനത്തിൽ രൂപീകൃതമായ സംസ്ഥാനത്ത് മാതൃഭാഷയോടുള്ള അവഗണന പൊറുക്കാവുന്നതല്ല. അൺ-എയ്ഡഡ് ലോബിക്കുവേണ്ടി സർക്കാർ കീഴടങ്ങുകയാണോ? മലയാളം പഠിക്കാതെ സ്കൂൾ പഠനം പൂർത്തീകരിക്കാൻ കഴിയുകയില്ലായെന്ന് വ്യവസ്ഥ ചെയ്യണം. മലയാളം പഠിപ്പിക്കാത്ത സ്കൂളുകളുടെ അംഗീകാരം പിൻവലിക്കാൻ തയ്യാറാകണം. ക്ലാസിക്കൽ പദവി കിട്ടിയതുകൊണ്ടും മലയാള സർവ്വകലാശാല ഉണ്ടായതുകൊണ്ടും ഒരു ഗുണവുമുണ്ടാകുകയില്ല. ഒരു ജനാധിപത്യ സർക്കാരിന് ഇത് ഭൂഷണവുമല്ല. കളളച്ചുരിക തീർക്കുന്ന കൊല്ലപ്പണിയെന്നാണ് ശ്രീ. ഒ.എൻ.വി. കുറുപ്പ് വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ച് വിശേഷിപ്പിച്ചത്. അതൊരു നാണക്കേടാണ്. വിദ്യാഭ്യാസരംഗത്തും ഭരണരംഗത്തും കോടതികളിലും മാതൃഭാഷയായ മലയാളം നിർബന്ധമായും ഒന്നാംഭാഷയായി ഉപയോഗിക്കുന്നതിന്

എത്രയും വേഗം മലയാളഭാഷാനിയമം കൊണ്ടുവരണം. എൽ.ഡി.എഫ്. സർക്കാർ 2011 മെയ് 6-ന് സ്കൂളുകളിലും മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 2011 സെപ്തംബർ 1-ന് പുതിയ സർക്കാരും ഈ ഉത്തരവ് നടപ്പിലാക്കുന്നതിന് അനുബന്ധ ഉത്തരവ് പുറത്തിറക്കി. പക്ഷേ ദൗർഭാഗ്യകരമെന്ന് പറയട്ടെ, നാളിതുവരെയായിട്ടും ഉത്തരവുകൾ കട്ടപ്പുറത്ത് കിടക്കുകയാണ്. അത് നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. ഇത് നമുക്കൊരു നാണക്കേടാണ്. സി.ബി.എസ്.ഇ. സ്കൂൾ മാനേജർമാർ ഹൈക്കോടതിയെ സമീപിച്ച് ഈ ഉത്തരവ് അവരുടെ സ്കൂളുകളിൽ നടപ്പിലാക്കേണ്ടതില്ലായെന്നും ഗവൺമെന്റ് സ്കൂളുകളേക്കാൾ മികച്ച അദ്ധ്യയനം സി.ബി.എസ്.ഇ. സ്കൂളിലാണ് നടക്കുന്നതെന്നും കോടതിവിധി വാങ്ങി. വളരെ കുറച്ച് പേർക്ക് മാത്രമേ ഈ തീരുമാനം ബാധകമാകൂവെന്ന് വിശ്വസിച്ചുകൂടാ. ഇത് സമസ്ത മണ്ഡലങ്ങളിലും നമുക്ക് ഗുണം ചെയ്യുന്നതല്ല. അതിനെ ചോദ്യം ചെയ്ത് മേൽക്കോടതിയിൽ അപ്പീൽ പോകാൻ കേരള സർക്കാർ നാളിതുവരെ തയ്യാറായിട്ടില്ലായെന്നത് സർക്കാരിന്റെ നയം വ്യക്തമാക്കുന്നതാണ്. ഈ പ്രത്യേക സാഹചര്യത്തിൽ സർക്കാർ ഉത്തരവ് കോടതിയിൽ ചോദ്യം ചെയ്യാൻ കഴിയാത്ത തരത്തിൽ മലയാളഭാഷാനിയമം അനിവാര്യമായി വന്നിരിക്കുന്നു. തമിഴ്നാട്, പഞ്ചാബ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ മാതൃഭാഷാനിയമം അതാത് നിയമസഭകൾ പാസ്സാക്കിയിട്ടുണ്ട്. മാതൃഭാഷ പഠിക്കാതെ സ്കൂൾ പഠനം പൂർത്തിയാക്കുവാൻ അവിടെയൊന്നും സാധ്യമല്ല. മലയാളം ശ്രേഷ്ഠഭാഷയായി നമുക്ക് പാസ്സായി കിട്ടിയതിൽ സന്തോഷമുണ്ട്. മലയാള സർവ്വകലാശാല യാഥാർത്ഥ്യമായതും ഏതൊരു മലയാളിയേയും സന്തോഷിപ്പിക്കുന്ന ഒന്നാണ്. സർക്കാർ സർവ്വീ

സിൽ പ്രവേശിക്കുന്നവർക്ക് മലയാളപരിജ്ഞാനം നിർബന്ധമാക്കുന്നതിന് പി.എസ്.സി. എടുത്ത തീരുമാനവും അഭിനന്ദനാർഹമാണ്. മലയാളിയുടെ അസ്ഥിത്വം നിലനിൽക്കുന്നത് അവരുടെ ഭാഷയേയും സംസ്ക്കാരത്തേയും ആധാരമാക്കിയാണ്. അവ സംരക്ഷിക്കുന്നതിന് ജനങ്ങൾക്ക് ഭരണതലത്തിൽ ഇടപെടാൻ കഴിയുംവിധം ഭരണഭാഷയേയും കോടതി ഭാഷയേയും മലയാള ത്തിലേയ്ക്ക് കൊണ്ടുവരണം. അതിന് മലയാളഭാഷാനിയമം കൊണ്ടുവരാൻ ഈ സർക്കാർ തയ്യാറാകണം. 1985-ൽ കോടതിഭാഷ മലയാളമാക്കുന്നതി നായി ജസ്റ്റിസ് കെ.കെ. നരേന്ദ്രന്റെ നേതൃത്വത്തിൽ ഒരു കമ്മിഷനെ സർക്കാർ നിയോഗിച്ചിരുന്നു. രണ്ടുവർഷത്തിനകം കോടതിഭാഷ മലയാളമാക്കുന്നതിനു ള്ള നിർദ്ദേശങ്ങൾ നരേന്ദ്രൻ കമ്മിഷൻ നൽകിയതുമാണ്. അതും നടപ്പിലായി ല്ല. മന്ത്രിസഭാ തീരുമാനങ്ങളും ഉത്തരവുകളും നിക്ഷിപ്ത താൽപര്യങ്ങളുടെ അടിസ്ഥാനത്തിൽ അടിയറവച്ച് അട്ടിമറിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ വകുപ്പിന്റെ സമീപനം പുന:പരിശോധിക്കണം. ദേശസ്നേഹികളെ അമ്പരപ്പി ക്കുന്നത് ഒഴിവാക്കി അടിയന്തിരമായി മലയാളഭാഷാനിയമം കൊണ്ടുവരാൻ നടപടിയെടുക്കണം. അതാണ് എന്റെ ശ്രദ്ധക്ഷണിക്കൽ കൊണ്ടുദ്ദേശിക്കു ന്നത്.

## മലയാളം ഒന്നാംഭാഷയാക്കേണ്ടതിന്റെ ആവശ്യകത

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പുരുഷൻ കട ലുണ്ടി വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവ ന്നത്. പക്ഷേ ഒരു സമരം അവസാനിപ്പിച്ചുവെന്നുപറഞ്ഞ് ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നത് ആദ്യമായിട്ടാണ്. ഞാനല്ല സമരം അവസാനിപ്പിച്ചത്, സമരം ചെയ്തവരാണ്. അതിന് എന്നെയോ ഗവൺമെന്റിനേയോ കുറ്റപ്പെടു

ത്തിയിട്ട് കാര്യമില്ല. എന്നെ ബഹുമാന്യരായ ഒ.എൻ.വി. കുറുപ്പും സുഗതകുമാരി ടീച്ചറും വന്നുകണ്ട് ഈ കാര്യം പറഞ്ഞപ്പോൾ ഗവൺമെന്റിന്റെ നിലപാടുകൾ അവരോട് പറഞ്ഞു. അത് കേട്ടപ്പോൾ സമരം ചെയ്തവർ സമരം അവസാനിപ്പിച്ചു. അതിന് ഗവൺമെന്റിനെ എങ്ങനെ കുറ്റപ്പെടുത്താൻ സാധിക്കുമെന്ന് എനിക്കറിയില്ല. ഏതായാലും മലയാളഭാഷ യുടെ സംരക്ഷണത്തിനുവേണ്ടി ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്യും. യാതൊരു സംശയവുമില്ല. ഈ ഗവൺമെന്റ് മലയാളഭാഷ ഒന്നാംഭാഷയായി നടപ്പിലാക്കുന്നതിനുള്ള ഓർഡർ ഇറക്കി. അത് അങ്ങുതന്നെ പറഞ്ഞു. അതുപോലെ മലയാള സർവ്വകലാശാല തുടങ്ങി. മലയാളത്തിന് ക്ലാസിക്കൽ പദവി കിട്ടാൻ നിരന്തരമായി പരിശ്രമിക്കുന്നു. അതിന്റെ അവസാനഘട്ടത്തിൽ എത്തിയിരിക്കുന്നു. മലയാളം മിഷന്റെ പ്രവർത്തനം ഇൻഡ്യയിലൊട്ടാകെയും വിദേശരാജ്യങ്ങളിലേയ്ക്കും ഇപ്പോൾ വ്യാപകമാക്കിക്കൊണ്ടിരിക്കുകയാണ്. കാരണം നമ്മുടെ കുടുംബങ്ങളിലെ കേരളത്തിന് പുറത്തും ഇൻഡ്യയ്ക്ക് പുറത്തും ജനിച്ചുവളരുന്ന പുതിയ ജനറേഷനിലുള്ള കുട്ടികൾക്ക് മലയാളം അറിയുന്ന സാഹചര്യമുണ്ടാകണം. അതിന് ആ കുടുംബങ്ങളെ സഹായിക്കുന്നതിനുവേണ്ടി മലയാളം മിഷന്റെ പ്രവർത്തനം വ്യാപകമാക്കിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് സർവ്വീസിൽ ജോലിക്ക് കയറുന്നവർ മലയാളം അറിഞ്ഞിരിക്കണം, അത് ഇന്ന് സർവ്വീസിലുള്ളവർക്കുകൂടി ബാധകമാക്കിക്കൊണ്ട് സംസ്ഥാന ഗവൺമെന്റ് ഉത്തരവിറക്കി. ആ ഉത്തരവ് ഇപ്പോൾ പി.എസ്.സി.യും അംഗീകരിച്ചു. ഇന്നലെ ഈ സഭയിൽ ശ്രീ. എൻ.എ. നെല്ലിക്കുന്ന് ഭാഷാന്യൂനപക്ഷങ്ങൾക്ക് കേരളത്തിൽ ജോലി ലഭിക്കാതിരിക്കുന്ന സാഹചര്യം ഇതുമൂലം വരുമെന്നു പറഞ്ഞ് ഒരു സബ്മിഷൻ അവതരിപ്പിച്ചു. ഇതുപോലെയുള്ള നിവേദനങ്ങൾ കാസർഗോഡ്, മഞ്ചേശ്വരം ഭാഗങ്ങളിൽ നിന്നും

ഇടുക്കി, പാലക്കാട് ഭാഗങ്ങളിൽ നിന്നുമൊക്കെ കിട്ടിയിട്ടുണ്ട്. നമുക്ക് അത് പരിശോധിക്കേണ്ടിവരും. കാരണം ഭാഷയെ സ്നേഹിക്കുന്നതോടൊപ്പം മറ്റുള്ളവരെയും മാനിക്കുന്ന ഒരു സമീപനമാണ് നമുക്കുള്ളത്. നമ്മളൊരിക്കലും ഇതുപോലെയുള്ള കാര്യങ്ങളിൽ തീവ്രവികാരമുൾക്കൊണ്ട് എന്തിനെയും എതിർക്കുന്ന ഒരു നിലപാട് സ്വീകരിച്ചിട്ടില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, മലയാള ഭാഷയെ കണ്ടെസ്റ്റ് ചെയ്തുകൊണ്ട് സ്കൂൾ മാനേജ്മെന്റ് കൊടുത്തതിനെ എതിർത്ത് സർക്കാരിന് അപ്പീൽ പോകാൻ കഴിയാതെ വന്നത് എന്തുകൊണ്ടാണ്; അതിന് തടസ്സമെന്താണെന്ന് മനസ്സിലാകുന്നില്ല. അതുപോലെ നിരാഹാര സമരം നടത്തിയ ശ്രീ. രാമനുണ്ണിയുടെ കാര്യത്തെ സംബന്ധിച്ച് ഭംഗ്യന്തരേണ അങ്ങ് ഇവിടെ പറയുന്നതു കേട്ടു. ഇന്നലെ ഞാനും അദ്ദേഹത്തെ കാണാൻപോയി. മുഖ്യമന്ത്രി ഇങ്ങനെ റിക്വസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ കണിശമായും അതിനെ ആദരിക്കുകയാണ് വേണ്ടതെന്ന് ഞാനും അദ്ദേഹത്തെ ഉപദേശിച്ചതാണ്. അങ്ങനെയൊക്കെയാണ് അദ്ദേഹം നിരാഹാരസമരം പിൻവലിച്ചത്. നിരാഹാരസമരം തുടങ്ങിയതും പിൻവലിച്ചതും അപഹാസ്യമായ ഒരു കാര്യമായി ആരും പറയേണ്ടതില്ലെന്നാണ് എന്റെ അഭിപ്രായം. കാരണം അദ്ദേഹം ന്യായമായ ഒരു Cause ഉന്നയിച്ചാണ് നിരാഹാരസമരം നടത്തിയത്. ആ Cause-നെപ്പറ്റി കേൾക്കേണ്ട പ്രധാനപ്പെട്ട ആളുകൾ, കേരളത്തിന്റെ മുഖ്യമന്ത്രി അത് കേൾക്കുകയും അതനുസരിച്ച് പരിഹാരനിർദ്ദേശങ്ങൾ നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണെന്ന് ഇവിടെ വന്നു കണ്ട സുഗതകുമാരി ടീച്ചറിനെ അറിയിക്കുകയും ഞാൻ ഇത് അറിഞ്ഞിരുന്നില്ലെങ്കിലും കേട്ടറിഞ്ഞപ്പോൾ അങ്ങനെ മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ടെങ്കിൽ

കണിശമായും നിങ്ങൾ അതുകൂടി മാനിച്ചുകൊണ്ട് നിരാഹാരസമരം ഒഴിവാക്കുകയാണ് വേണ്ടതെന്ന് അദ്ദേഹത്തെ ഉപദേശിച്ചതുമാണ്. അദ്ദേഹം അങ്ങനെ അത് അവസാനിപ്പിച്ചു. ഏതായാലും ഈ പ്രശ്നത്തെ സംബന്ധിച്ച് മലബാറിന്റെ വടക്കേയറ്റത്തെ എം.എൽ.എ.യും അതുപോലെ ഇടുക്കിയിലെ ആളുകളും... മതന്യൂനപക്ഷങ്ങൾക്ക് ന്യായമായി കൊടുക്കേണ്ട ആനുകൂല്യങ്ങളെ നമ്മളാരും ഇതുവരെ നിഷേധിച്ചിട്ടില്ല. കേരളത്തിലെ മഹാഭൂരിപക്ഷം വരുന്നവരുടെ ഭാഷയായ മലയാളത്തെ ഇക്കാലമത്രയും അവഗണനയിൽ തള്ളിക്കൊണ്ടിരുന്നതിനെതിരെ മുൻഗവൺമെന്റിന്റെ കാലത്ത് നടപടിയെടുത്തു, ഈ ഗവൺമെന്റ് വന്നതിനുശേഷവും അത് reinstate ചെയ്തുകൊണ്ടുള്ള നടപടിയെടുത്തുവെങ്കിലും ഇപ്പോഴുമത് പ്രായോഗികമായിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. ഈ നിയമസഭയിൽ തന്നെ അതു സംബന്ധിച്ചുള്ള ഒരു നിയമം പാസ്സാക്കുന്നതിന് ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുമോ ഇല്ലയോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങ് തെറ്റിദ്ധരിച്ചു. ഈ സമരം അവസാനിപ്പിച്ചതിനെക്കുറിച്ച് ഞാനല്ല എതിർത്തു പറഞ്ഞത്. ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ച ശ്രീ. പുരുഷൻ കടലുണ്ടി സമരം തുടങ്ങി രണ്ടാം ദിവസം ഗവൺമെന്റ് ഇടപെട്ട് പെട്ടെന്ന് ഇത് അവസാനിപ്പിച്ചു എന്നു പറഞ്ഞതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഒരു വിധത്തിലും ഞാൻ ആ രീതിയിലല്ല പറഞ്ഞത്. സമരം രണ്ടാംദിവസം അവസാനിപ്പിച്ചത് ഒരു തെറ്റാണോ എന്നാണ് ഞാൻ ചോദിച്ചത്. കേസ്സിന്റെ കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടതെന്ന് നിയമവകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിന്മേൽ നടപടിയുണ്ടാകും. ഒരു നിയമം കൊണ്ടുവരണമെ

ന്നുള്ള കാര്യം പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിച്ചു, ബഹുമാനപ്പെട്ട അംഗം പുരുഷൻ കടലുണ്ടിയും പറഞ്ഞു. തമിഴ്നാട് ഉൾപ്പെടെയുള്ള മൂന്ന് സംസ്ഥാനങ്ങൾ ഇങ്ങനെയൊരു നിയമം പാസ്സാക്കിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധ യിൽപ്പെടുത്തി. അപ്പോൾത്തന്നെ ഞാൻ അവരോട് പറഞ്ഞത്, അസംബ്ലി നട ക്കുന്ന സമയത്തുതന്നെ പ്രതിപക്ഷ നേതാവടക്കമുള്ള എല്ലാ കക്ഷി നേതാക്ക ളെയും വിളിച്ചുകൂട്ടി ഈ കാര്യം ആലോചിക്കണമെന്നാണ്. കാരണം ഇത് നമ്മൾ എങ്ങനെയാണ് എന്ന് ആലോചിക്കേണ്ട പ്രശ്നമാണ്. ഗവൺമെന്റ് സർവ്വീസിൽ മലയാളം അറിഞ്ഞിരിക്കണം, അല്ലാതെ പറ്റില്ല, സർവ്വീസിൽ കയറിയവരും ഇത് പഠിച്ചിരിക്കണം എന്നു പറഞ്ഞപ്പോൾ ചില ഭാഗത്തു നിന്നാണെങ്കിലും ചെറിയ എതിർപ്പുകൾ വന്നു. മാതൃഭാഷ എന്നുള്ള നിലയിൽ അഭിമാനത്തോടുകൂടി മലയാളത്തിനുവേണ്ടി നിലകൊള്ളുമ്പോൾ ത്തന്നെ കേരളത്തിന്റെ ഒരു മനോഭാവം, അതൊരുപക്ഷേ, മറ്റു സംസ്ഥാന ങ്ങൾക്ക് ഇല്ലായിരിക്കാം. നമ്മൾ എപ്പോഴും വിശാലമായാണ് ചിന്തിച്ചിട്ടുള്ളത്. ഭാഷാന്യൂനപക്ഷങ്ങളെ എന്നും ഉൾക്കൊണ്ടിട്ടുള്ള സമീപനമാണ് നമ്മൾ സ്വീ കരിച്ചുവന്നിട്ടുള്ളത്. അവർക്ക് വേദനിക്കാത്ത വിധത്തിൽ, അവരെ തള്ളാത്ത വിധത്തിൽ നമുക്ക് മലയാളത്തിന് വേണ്ടത് ചെയ്യണം. അതിന് ഗവൺമെന്റ് മാത്രമായി ഒരു തീരുമാനമെടുക്കുന്നതിന് പകരം എല്ലാ കക്ഷികളുടെയും യോഗം വിളിച്ചുചേർക്കുമെന്ന് പറഞ്ഞിരുന്നു. അതുപോലെ യോഗം വിളി ക്കും, ആ യോഗത്തിൽ ചർച്ച ചെയ്തെടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാ നത്തിൽ എന്തുവേണമെന്ന് ആലോചിക്കാം. ഏതായാലും മലയാളത്തിന്റെ കാര്യത്തിൽ ഭരണഭാഷയാക്കുന്നതിനും കോടതിഭാഷയാക്കുന്നതിനും ഗവൺമെന്റ് ശക്തമായ നടപടികളുമായി മുന്നോട്ടുപോകുമെന്ന് ഞാൻ വ്യ ക്തമാക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, നിരാഹാര സമരം പെട്ടെന്ന് അവസാനിപ്പിച്ചതിനെയല്ല ഞാൻ എതിർത്തത്. അവസാനിപ്പിക്കുമ്പോൾ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമായിട്ടില്ല, വ്യക്തമാക്കിയിട്ടുമില്ല. നമ്മൾ ചെയ്യും ചെയ്യും എന്നു പറയുന്നതല്ലാതെ ഇത്രയും കാലമായി...

ശ്രീ. സി. പി. മുഹമ്മദ്: സർ, വ്യക്തമായി .......

ശ്രീ. പുരുഷൻ കടലുണ്ടി: എല്ലാ കാര്യത്തിനും നിങ്ങൾ അങ്ങനെ എഴുന്നേൽക്കരുത്. ഇത് വളരെ ഗൗരവമായ കാര്യമാണ്. ഒരു അപ്പീൽ പോകുന്നതിന് നമുക്ക് എന്തായിരുന്നു തടസ്സം. അത് പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞു. ആ ഒരു രോഷമാണ്. ആ സമരം അവസാനിച്ചിട്ടില്ല, നാളെയൊരു സമരം വരികയാണ്. നിയമം കൊണ്ടുവരണമെന്നാവശ്യപ്പെട്ട ചലനശക്തിയുള്ള സാഹിത്യകാരൻമാർ ഒന്നിച്ച് ഇവിടേയ്ക്ക് സമരം നയിക്കുകയാണ്. ഇത്രയും കാലതാമസം എടുക്കേണ്ട കാര്യമല്ല. സാംസ്കാരികമായി ഔന്നത്യം പുലർത്തുന്ന കേരളത്തിൽ മലയാള ഭാഷയെക്കുറിച്ച്..... ഭാഷാന്യൂനപക്ഷങ്ങളുടെ കാര്യം പരിഹരിക്കാവുന്നതേയുള്ളൂ. ഏതായാലും നമുക്ക് നിയമം വേണം. നിരാഹാരം സമരം അവസാനിപ്പിച്ചതിനെ ഞാൻ കുറ്റപ്പെടുത്തിയിട്ടില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ നിലപാട് വളരെ വ്യക്തമാണ്, അത് വ്യക്തമാക്കിയിട്ടുണ്ട്. അത് ഒരു പ്രസ് നോട്ടായി എഴുതിത്തയ്യാറാക്കി ഈ മീറ്റിംഗ് സംഘടിപ്പിച്ച ശ്രീ. സി.പി.മുഹമ്മദ് കൊണ്ടുപോയി അവരുടെ കൈയിൽ കൊടുക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ നിയമം ഉണ്ടാക്കുമെന്ന ഉറപ്പ് ഞങ്ങൾ പറഞ്ഞില്ല. കാരണം അക്കാര്യം എല്ലാ കക്ഷികളുമായി ആലോചിച്ചുമാത്രമേ തീരുമാനമെടുക്കൂ. നിയമം എന്നുള്ള കാര്യത്തിൽ ഞങ്ങൾ കമ്മിറ്റ് ചെയ്തിട്ടില്ല. അത്

വളരെ വ്യക്തമാണ്. ഇത്രയും പ്രധാനപ്പെട്ട കാര്യം ഇവിടത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും അഭിപ്രായങ്ങൾകൂടി അറിഞ്ഞതിനുശേഷം വേണമെന്നതുകൊണ്ടാണ് അങ്ങനെ ചെയ്തത്. ബഹുമാനപ്പെട്ട പുരുഷൻ കടലുണ്ടി ഇതിനു മുമ്പും ഇവിടെ ഗവൺമെന്റുകളുണ്ടായിരുന്നു എന്ന കാര്യം മറക്കരുത്.

സബ്മിഷൻ